**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3654** **20.06.2018**- ൽ മറുപടിയ്ക്ക്

## <u>സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത അനാഥാലയങ്ങൾ</u>

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ. യു.ആർ.പ്രദീപ്

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | രജിസ്റ്റർ ചെയ്ത എത്ര അനാഥാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എല്ലാം കൂടി എത്ര അന്തേവാസികൾ ഉണ്ട്; | (എ) | സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത് 1830 ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ 70,838 അന്തേവാസികളുണ്ട്. |
| (ബി) | അന്തേവാസികൾക്ക് മതിയായ സംരക്ഷണവും സേവനവും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തു-ന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അംഗീകാരം നൽകുന്നതിനും സംസ്ഥാനത്ത് ഓർഫ-നേജ് കൺട്രോൾ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഈ ബോർഡിൽ മെമ്പർ സെക്രട്ടറി ഉൾപ്പെടെ 15 അംഗങ്ങളാണുള്ളത്. ബോർഡ് അംഗങ്ങൾ സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തി അവിടെ കണ്ടെത്തിയ കാര്യങ്ങൾ ബോർഡിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. ക്ഷേമസ്ഥാപന-ങ്ങളിൽ സംരക്ഷിക്കപ്പെടുന്നവർക്ക് കൗൺസിലിംഗ് നൽകുന്നതിനായി കരാർ അടിസ്ഥാനത്തിൽ സംസ്ഥാ-നത്ത് 40 കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജില്ലാതലത്തിൽ ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം മേൽനോട്ടം വഹിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>സംസ്ഥാനതലത്തിൽ ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല അവലോകനസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി വർഷത്തിലൊരിക്കൽ യോഗം ചേരുകയും ക്ഷേമസ്ഥാപനങ്ങളുടെയും ബോർഡിന്റെയും പ്രവർത്തനം വിലയിരുത്തുകയും ക്ഷേമസ്ഥാപനങ്ങളുടെ നിരീക്ഷണം കാര്യക്ഷമമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**